■ കാർഷിക സർവകലാശാലയുടെ സംഭാവന

# 23 പുതിയ വിത്തിനങ്ങളും വിത്തു ബാങ്കും

Deshabhimani-27-05-2018-P-02



കാർഷികസർവകലാശാലയിലെ പുതിയ വിത്തുകളുടെ സമർപ്പണം മുഖ്യമന്ത്രി പിണറായി വിജയൻ കർഷകൻ ചെറുവയൽ രാമനു നൽകി നിർവഹിക്കുന്നു

**തൃശൂർ**

കേരള കാർഷിക സർവകലാശാലയുടെ സംഭാവനയായി കൂടുതൽ കർഷക സൗഹൃദ നടപടികൾ. കാർഷിക സർവകലാശാല ഉൽപ്പാദിപ്പിച്ച ഒമ്പത് നെൽ വിത്തുകൾ ഉൾപ്പെടെ 23 ഇനം പുതിയ വിത്തുകൾ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു. ഇതോടൊപ്പം കേരളത്തിലെ തനത് വിളകളുടെ ജനിതക സമ്പത്ത് സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ കാർഷിക ജൈവവൈവിധ്യ സംരക്ഷണ കേന്ദ്രത്തിന്റെ (വിത്തു ബാങ്ക്) ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിച്ചു. പുതിയ വിത്തിനങ്ങളുടെയും വിത്തു ബാങ്കിന്റെയുമെല്ലാം പ്രയോജനം കർഷക സമൂഹത്തിലെത്തിക്കാൻ സർവകലാശാലയും കാർഷിക ശാസ്ത്രജ്ഞരും കർഷകരോടു ചേർന്നുനിൽക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. കാർഷിക സർവകലാശാലയുടെ നേട്ടങ്ങൾ കാർഷിക മേഖലയ്ക്കു പ്രയോജനപ്പെടുത്താത്ത അവസ്ഥക്കും മാറ്റമുണ്ടാവണമെന്ന് മുഖ്യമന്ത്രി നിർദേശിച്ചു.

> **സർവകലാശാലയും കാർഷിക ശാസ്ത്രജ്ഞരും കർഷകരോടു ചേർന്നുനിൽക്കണം. കാർഷിക സർവകലാശാലയുടെ നേട്ടങ്ങൾ കാർഷിക മേഖലയ്ക്കു പ്രയോജനപ്പെടുത്താത്ത അവസ്ഥക്കും മാറ്റമുണ്ടാവണം.**

കാർഷിക സർവകലാശാലാ ആസ്ഥാനത്ത് സംഘടിപ്പിച്ച ചടങ്ങിൽ മന്ത്രി വി എസ് സുനിൽ കുമാർ അധ്യക്ഷനായി. മന്ത്രി എ സി മൊയ്തീൻ മുഖ്യാതിഥിയായി.

കർഷകനും കാർഷിക സർവകലാശാലാ ജനറൽ കൗൺസിൽ അംഗവുമായ ചെറുവയൽ രാമന് പുതിയ വിത്തിനങ്ങൾ നൽകിയാണ് പുതിയ വിത്തിനങ്ങളുടെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചത്. ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിച്ചു. നടത്തറ കുടുംബശ്രീ അംഗങ്ങൾ തൈകൾ ഏറ്റുവാങ്ങി. എംഎൽഎമാരായ കെ രാജൻ, മുരളി പെരുനെല്ലി, മുൻ സ്പീക്കർ കെ രാധാകൃഷ്ണൻ, മാടക്കത്ര പഞ്ചായത്ത് പ്രസിഡന്റ് പി എസ് വിനയൻ, സർവകലാശാലാ രജിസ്ട്രാർ ഡോ. എസ് ലീനകുമാരി, വിജ്ഞാന വ്യാപന വിഭാഗം ഡയറക്ടർ ജിജു പി അലക്സ് തുടങ്ങിയവർ സംസാരിച്ചു. കാർഷിക സർവകലാശാലാ വൈസ് ചാൻസലർ ഡോ. ആർ ചന്ദ്രബാബു സ്വാഗതവും ഗവേഷണ വിഭാഗം ഡയറക്ടർ പി ഇന്ദിരാദേവി നന്ദിയും പറഞ്ഞു. കാർഷിക സർവകലാശാലയിലെ ചടങ്ങിന് കനഡയിൽ നിന്നും 20 കാർഷിക വിദ്യാർഥികൾ സംബന്ധിച്ചു. മുഖ്യമന്ത്രി വിദേശ വിദ്യാർഥികളെ അഭിവാദ്യം ചെയ്തു.

കാർഷിക മേഖലയിൽ മികവു തെളിയിച്ച കർഷകരായ പി വി ജോസ്, ജോസ് മാത്യു, മൈക്കിൾ ജോസഫ്, വർക്കി തൊമ്മൻ, ടി ടി തോമസ്, റെജി ജോസഫ്, എൻ എം ഷാജി എന്നിവരെ മുഖ്യമന്ത്രി ഉപഹാരം നൽകി ആദരിച്ചു. കാർഷിക ജൈവവൈവിധ്യ കേന്ദ്രത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച കാർഷിക ഉൽപ്പന്ന പ്രദർശനവും മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും സന്ദർശിച്ചു. കാർഷിക സർവകലാശാലാ ഭൗതിക സ്വത്തവകാശ സെല്ലിന്റെ സ്റ്റാളിൽ തൃശൂരിന്റെ തനത് ഉൽപ്പന്നമായ ചെങ്ങാലിക്കോടൻ നേന്ത്രൻ മുഖ്യമന്ത്രിക്ക് സമ്മാനിച്ചു.